ആളുകളും കോഴ നൽകുന്നതു്. നിയമപ്രകാരം തങ്ങൾക്കു് അർഹതയില്ലാത്ത ആനുകൂല്യങ്ങൾ കിട്ടാനും കുറേപ്പേർ കോഴ നൽകുന്നുണ്ടെന്നതു ശരിതന്നെ. പക്ഷേ, കാര്യക്ഷമതയില്ലാത്ത ഒരു ഭരണവ്യവസ്ഥയിൽ അധികം കോഴയും ആദ്യത്തെ തരത്തിലാണ പെടുന്നതു്. ബസ്സിലും തീവണ്ടിയിലും ടിക്കററു കിട്ടാൻ, സ്കൂളിലും കോളേജിലും പ്രവേശനം ലഭിക്കാൻ, യോഗ്യതയുള്ള ഉദ്യോഗത്തിൽ നിയമനം കിട്ടാൻ, ആതുരനു് ആസ്പത്രിയിൽ സേവനം സിദ്ധിക്കാൻ ഒക്കെ നമുക്കുള്ള അവകാശം ഇന്നു നിഷേധിക്കപ്പെടുന്നു. നിഷേധിക്കപ്പെടുന്നതു കൂടുതലും ഭരണകർത്താക്കളുടെ കഴിവുകേടു്, ഉദാസീനത, ഉത്തരവാദബോധമില്ലായ്മ എന്നിവ നിമിത്തമാണു്. ഇങ്ങനെ നിഷേധിക്കപ്പെട്ട അവകാശം പുനഃസ്ഥാപിച്ചു കിട്ടാൻ നാം പല തലങ്ങളിലായി, പരസ്യമായും, ചിലപ്പോൾ അത്തിയില കൊണ്ടു മറച്ചും കോഴ കൊടുക്കുന്നു.

കോഴയുടെ വളർച്ചയ്ക്കു് അനുഗുണമായ അന്തരീക്ഷം സൃഷ്ടിക്കുന്നതു് ഭരണത്തിന്റെ കാര്യക്ഷമതയില്ലായ്മയും, ഭരണാധികാരികളുടെ ഉത്തരവാദബോധമില്ലായ്മയുമാണു്.

അതിരിക്കട്ടെ, ഇപ്പോൾ ഏതു് എൻജിനീയർക്കു്, അല്ലെങ്കിൽ ഓവർസീയർക്കു്, അതുമല്ലെങ്കിൽ മററാർക്കെങ്കിലും കൈക്കൂലി കൊടുത്താലാണു് ഈ ടാപ്പിൽ കുറച്ചു വെള്ളം കിട്ടുക?

7 മാർച്ച്, 1982

# 111. വനവിധ്വംസനം

സർട്ടിഫൈഡ് മാർക്കലിസ്റ്റുകൾ മാത്രമല്ല, ഡിഗ്രികൾവരെ കൃത്രിമമായി നിർമിച്ചു് ആവശ്യക്കാർക്കു വിലയ്ക്കു വില്ക്കുന്നതിനുള്ള സമർത്ഥമായ ഒരു സംവിധാനം ഏതാനും വർഷങ്ങളായി കേരള സർവകലാശാലയിൽ പ്രവർത്തിച്ചു വന്നിരുന്നു. നമ്മുടെ ഉന്നത വിദ്യാഭ്യാസമണ്ഡലത്തിൽ ആഴത്തിൽ വേരോടിയ ഈ ക്യാൻസർ രോഗത്തിന്റെ ഭീകരത തുറന്നു കാട്ടിയ കേരള ഹൈക്കോടതിയുടെ സുപ്രധാനമായ വിധിയെപ്പററി കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലൊട്ടാകെയുള്ള ജനങ്ങൾ ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്.

കേരളത്തിന്റെ സാമ്പത്തിക ഭാവിയേയും പരിസരാരോഗ്യത്തേയും സംബന്ധിച്ചിടത്തോളം ഏതാണ്ടു് ഇത്രയുംതന്നെ പ്രാധാന്യമർഹിക്കുന്ന മറെറാരു വിധി ജനുവരി 15-ാം തീയതി കേരള ഹൈക്കോടതി പുറപ്പെടുവിക്കുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിമുതൽ കേരളത്തിലെ വനങ്ങൾ വൻതോതിൽ വിധ്വംസിക്കപ്പെട്ടുകൊണ്ടിരിക്കുകയാണു്. 1971 മുതൽ ഈ വിധ്വംസനത്തിന്റെ തീവ്രതയും വേഗവും വർദ്ധിച്ചിരിക്കുന്നു. ഇതിനെപ്പററി കേരള ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും വിശദമായ അന്വേഷണങ്ങൾ നടത്തുകയും വനവിധ്വംസനം തടയുന്നതിനു് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും വേണമെന്നു്, ഒരു വനം കോൺട്രാക്ടർ നല്കിയ റിട്ടു് അപേക്ഷയിൽ വിധി നല്കിക്കൊണ്ടു്, ജസ്റ്റിസ് ശ്രീ കെ. സുകുമാരൻ അന്നു പ്രസ്താവിച്ചു. ഇങ്ങനെ ഒരന്വേഷണം നടത്തുന്നതുകൊണ്ടേ വനസംരക്ഷണത്തിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്തം വ്യവസ്ഥപ്പെടുത്താൻ കഴിയൂ. 1980-ൽ ഇന്ത്യയൊട്ടാകെ ബാധകമായ വന സംരക്ഷണനിയമം പാർലമെൻറ് പാസ്സാക്കിയിട്ടുണ്ടു്. വനസമ്പത്തു ഭദ്രമായി സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നട

പടികളെക്കുറിച്ച് കേന്ദ്രഗവണ്മെൻറ് ആലോചിച്ചു വരുന്നതായി കാണുന്നുമുണ്ട്. അതിനാൽ, കേരളത്തിലെ വനവിധ്വംസനത്തിലേക്ക് കേന്ദ്രഗവണ്മെൻറിൻെറയും വനങ്ങളുടെ ഇൻസ്പെക്ടർ ജനറലിൻെറയും ശ്രദ്ധയാകർഷിക്കുന്നതു് ഉചിതമായിരിക്കും. ഇക്കാരണത്താൽ, തൻെറ വിധിയുടെ പകർപ്പുകൾ കേരള ഗവണ്മെൻറിനെന്നപോലെ ഇന്ത്യാ ഗവണ്മെൻറിനും വനങ്ങളുടെ ഇൻസ്പെക്ടർ ജനറലിനും അയയ്ക്കേണ്ടതാണെന്ന് ജസ്റ്റിസ് സുകുമാരൻ നിർദ്ദേശിച്ചു. 'വനങ്ങളും പരിസരവും സംരക്ഷിക്കേണ്ടതിൻെറ ധാർമികവും സൗന്ദര്യാവബോധപരവും ശാസ്ത്രീയവും സാമ്പത്തികവുമായ കാരണങ്ങൾ എടുത്തു പറയുന്നതു് ആവശ്യമല്ലാതായിത്തീർന്നിട്ടുണ്ട്' എന്നും അദ്ദേഹം പ്രസ്താവിച്ചു.

പരമപ്രധാനമായ ഈ വിധിന്യായത്തിൽ കേരളത്തിലെ പത്രങ്ങൾ വലിയ വാർത്താമൂല്യമൊന്നും കാണുകയുണ്ടായില്ല. മിക്ക പത്രങ്ങളും ഈ വിധി റിപ്പോർട്ടു ചെയ്യുകയേ ഉണ്ടായില്ല. ഇങ്ങനെയൊരു വിധി ഹൈക്കോടതി പുറപ്പെടുവിച്ചുവെന്ന് കേരളീയരിൽ എത്രപേർ അറിഞ്ഞിരിക്കുമെന്നന്വേഷിക്കുന്നതു രസാവഹമായിരിക്കും. അതേതായാലും, വനസംരക്ഷണത്തിൻെറ ധാർമികവും സൗന്ദര്യാവബോധപരവും ശാസ്ത്രീയവും സാമ്പത്തികവുമായ കാരണങ്ങളെപ്പററി നമ്മുടെ ജനങ്ങളെ ഇനിയുമെത്രയോ കാലം നിരന്തരമായി ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കേണ്ട ആവശ്യമുണ്ടെന്ന്, ഈ വിധിന്യായത്തിനു പത്രങ്ങളിൽനിന്നു ലഭിച്ച പ്രതികരണം തെളിയിക്കുന്നു.

കേരള സംസ്ഥാനം രൂപവല്ക്കരിക്കുമ്പോൾ ഇവിടെ 11,000 ച. കി. മീ. പ്രദേശം വനമായിരുന്നുവെന്നാണു കണക്ക്. ഇതു കേരളത്തിലെ ആകെ ഭൂപ്രദേശത്തിൻെറ 35 ശതമാനത്തിൽ അധികമായിരുന്നു. സംഘടിതമായ കൈയേററത്തിൻെറ ഫലമായി വനഭൂമി ചുരുങ്ങിച്ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. സർക്കാരിൻെറ കണക്കനുസരിച്ച് കേരളത്തിൽ 9,000 ച. കി. മീ. സ്ഥലത്താണ് ഇപ്പോൾ വനങ്ങളുള്ളതു്, ഇതു രാജ്യവിസ്തൃതിയുടെ 19 ശതമാനത്തോളമാണ്. ഈ കണക്കിൽത്തന്നെ ധാരാളം മായം ചേർത്തിട്ടുണ്ടെന്നും യഥാർത്ഥത്തിൽ കേരളത്തിലെ വനഭൂമി ഇതിൽ എത്രയോ കുറവാണെന്നുമാണ് ഉത്തരവാദപ്പെട്ട പല വനംവകുപ്പുദ്യോഗസ്ഥന്മാരുടെയും അഭിപ്രായം.

വനങ്ങളിൽ അനധികൃതമായ കൈയേററവും കുടിയേററവും തുടർന്നുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയകക്ഷികളാണ് ഈ കൈയേററത്തിൻെറ പിന്നിലുള്ളതു്. ഒരു വനപ്രദേശത്തു പത്തോ ഇരുപതോ കുടുംബങ്ങൾ കൈയേററം നടത്തി കുടിപാർപ്പു തുടങ്ങുമ്പോഴേക്കും, ഒന്നല്ലെങ്കിൽ മറെറാരു രാഷ്ട്രീയകക്ഷി അവരുടെ സംരക്ഷണത്തിനെത്തുന്നു. കുടിയേററക്കാരെ കുടിയൊഴിപ്പിക്കാനുള്ള ശക്തിയോ ഉത്സാഹമോ പിന്നീട് ആർക്കും ഉണ്ടാകുന്നതല്ല. മിക്ക അവസരങ്ങളിലും സാഹസികരായ ആദ്യത്തെ കുടിയേററക്കാർ, തങ്ങൾ തെളിയിച്ചെടുത്ത സ്ഥലങ്ങൾ നല്ല വിലയ്ക്കു വിററു പുതിയ വനപ്രദേശങ്ങൾ അന്വേഷിച്ചു മുന്നോട്ടു പോകുന്നു. കേരളത്തിൽ നിന്നുള്ള കുടിയേററക്കാരുടെ ഈ നിരന്തമായ ആക്രമണം കേരളത്തിൽമാത്രമല്ല, തൊട്ടടുത്തു കിടക്കുന്ന തമിഴ്നാട്ടിലും കർണാടകത്തിലുമുള്ള വനങ്ങളിലേക്കും എത്രയോ വർഷങ്ങളായി വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിലും കർണാടകത്തിലും വനംവകുപ്പുദ്യോഗസ്ഥന്മാരുടെ എതിർപ്പ് ഇവർക്കു പലപ്പോഴും അനുഭവിക്കേണ്ടിവരുന്നുണ്ട്. എന്നാൽ, കേരളത്തിൽ വനഭൂമി കൈയേററം ഓരോ പൗരൻെറയും ജന്മാവകാശമായി മാറിക്കഴിഞ്ഞിരിക്കുകയാണ്.

കൈയേററം തടയുന്നതിനു വേണ്ടത്ര ആൾശേഷിയോ മററു സൗകര്യങ്ങളോ തങ്ങൾക്കില്ലെന്നതാണ് കേരളത്തിലെ വനംവകുപ്പുദ്യോഗസ്ഥ

ന്മാരുടെ പരാതി. അവർക്ക് അധികാരം കുറവാണ്; കൈയിൽ ആയുധങ്ങളില്ല; വാർത്താവിനിമയത്തിനോ ഗതാഗതത്തിനോ സൗകര്യമില്ല. ഈ നിലയിൽ, വനസമ്പത്തു സംരക്ഷിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്കുപോലും അവശതയും നിസ്സഹായതയുമാണ് അനുഭവപ്പെടുന്നത്. സർവീസിലുള്ള ഉത്തരവാദപ്പെട്ട വനംവകുപ്പുദ്യോഗസ്ഥന്മാർ തങ്ങളുടെ ഈ നിസ്സഹായത പലകുറി പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, അതെല്ലാം ഇന്നോളം വനരോദനമായി കലാശിച്ചിട്ടേ ഉള്ളൂ.

വനഭൂമിയിലുള്ള കൈയേറ്റംപോലെ സംഘടിതമാണ് വന്യജീവികളോടുള്ള കടന്നാക്രമണവും. ആനക്കൊമ്പു നേടാൻവേണ്ടി ക്രൂരമായ രീതിയിൽ കാട്ടാനകളെ ഹിംസിക്കുന്നതിനെപ്പററി പല റിപ്പോർട്ടുകളും പത്രങ്ങളിൽ കാണുകയുണ്ടായിട്ടുണ്ട്. മററു മൃഗങ്ങളോടും ഇതേ നിർദയത തന്നെയാണു പ്രദർശിപ്പിക്കപ്പെട്ടുവരുന്നതു്. വന്യജീവി സംരക്ഷണത്തിനുത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർതന്നെ ഇക്കാര്യം പലപ്പോഴും എടുത്തു പറഞ്ഞിട്ടുണ്ട്.

മേൽകീഴ് ആലോചിക്കാതെ നടപ്പിൽ വരുത്തുന്ന വികസനപദ്ധതികളാണ് വനസമ്പത്തിനെ ത്വരിതമായി നശിപ്പിക്കുന്ന മറെറാരു ഘടകം. ഓരോ അണക്കെട്ടും അതിന്റെ ചുററുപാടും എത്രയോ ച. കി. മീ. സ്ഥലത്തുള്ള വനസമ്പത്തു നശിക്കുന്നതിനു കാരണമാകുന്നു. ഇതിൻഫലമായി അണക്കെട്ടിലേക്കു വേനൽമാസങ്ങളിൽ വെള്ളം ഒഴുകാതാകുന്നു; അണക്കെട്ടിൽ ആവശ്യത്തിനു വെള്ളം കിട്ടാതാകുന്നു; മണ്ണു് അടിഞ്ഞു ജലാശയങ്ങളുടെ സംഭരണശേഷി ഗണ്യമായി കുറയുന്നു. മലമ്പുഴ പോലുള്ള അണക്കെട്ടുകളിൽ ഇതിനകം എത്രയോ മീററർ കനത്തിൽ മണ്ണടിഞ്ഞു കൂടിയിട്ടുണ്ട്. എത്രയെന്നു കൃത്യമായി പഠനങ്ങൾ നടത്തി അറിയേണ്ടതാണ്. ഇങ്ങനെ മണ്ണടിയുന്നതു നിമിത്തം അണക്കെട്ടുകളുടെ ആയുസ്സ് ഗണ്യമായി കുറഞ്ഞുപോയിട്ടുണ്ടെന്നതിൽ യാതൊരു സംശയവുമില്ല.

ഓരോ പദ്ധതി നടപ്പിലാക്കുമ്പോഴും, പരിസ്ഥിതിസന്തുലനത്തെ ആ പദ്ധതി എങ്ങനെ ബാധിക്കുമെന്നു പഠിക്കുകയും ദോഷകരമായി ബാധിക്കാതിരിക്കാനുള്ള മുൻകരുതലുകളെടുക്കുകയും വേണമെന്നാണ് വെപ്പ്. അനുഭവംകൊണ്ടെങ്കിലും നാം ഇക്കാര്യം പഠിക്കേണ്ടതായിരുന്നു. പക്ഷേ, നമ്മുടെ സർക്കാർ അങ്ങനെയൊരു പാഠം പഠിച്ചതായി, സൈലൻറ്വാലി പദ്ധതി സംബന്ധിച്ച് സർക്കാരിന്റെയും, അതിന്റെ ചുക്കാൻ പിടിക്കുന്ന പാർട്ടികളുടെയും നടപടികളിൽനിന്നു നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്തു ചെയ്തും സൈലൻറ്വാലി പദ്ധതി നടപ്പിൽ വരുത്തുമെന്ന കടുംപിടുത്തമായിരുന്നുവല്ലോ , സർക്കാരിനും രാഷ്ട്രീയപ്പാർട്ടികൾക്കും ഉണ്ടായിരുന്നതു്. ഈ മനഃസ്ഥിതിയിൽ എന്തെങ്കിലും വ്യതിയാനം ഉണ്ടായതായി അറിവായിട്ടില്ല.

സൈലൻറ്വാലിപോലുള്ള പദ്ധതികൾ വനസമ്പത്തിനെ പ്രാദേശികമായി മാത്രം നശിപ്പിക്കുന്നവയാണ്. കേരളത്തിലെ പർവതങ്ങൾ ഒരററംമുതൽ മറേറ അററംവരെ വ്യാപകമായി ഇടിഞ്ഞു തകരുന്നതിനും വനപ്രദേശങ്ങൾ സാർവത്രികമായി നശിക്കുന്നതിനും കാരണമായേക്കാവുന്ന ഒരു പദ്ധതിയാണ് 'ഹിൽഹൈവേ.' അത്യന്തം രഹസ്യമായി വെച്ചിരിക്കുന്ന ഈ പദ്ധതിയെപ്പററി പരിസ്ഥിതിസംരക്ഷണത്തിൽ താല്പര്യമുള്ള എല്ലാവരും ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ജസ്റ്റിസ് ശ്രീ സുകുമാരന്റെ വിധിക്ക് ഒരു ശുപാർശയുടെ സ്വഭാവമേ ഉള്ളൂ എന്നു തോന്നുന്നു. ആ നിലയിൽ കേരളഗവണ്മെൻറ് കാര്യക്ഷമമായ എന്തെങ്കിലും നടപടി കൈക്കൊള്ളുമെന്നും വനനയത്തെപ്പ

റ്റി ഒരു പുനശ്ചിന്തനം ഇവിടെ ഉളവാകുമെന്നും ഞങ്ങൾക്കു വലിയ പ്രതീക്ഷയില്ല.

അതേസമയം, പരിസരസംരക്ഷണതല്പരരെ സംബന്ധിച്ചിടത്തോളം ഹൈക്കോടതി വിധി അത്യന്തം പ്രോത്സാഹജനകമായ ഒന്നാണ്. വനവിധ്വംസനത്തിനെതിരായി സർക്കാരിനെതിരെ ഹൈക്കോടതിയുടെ സഹായം പൗരന്മാർക്കു ലഭിക്കുമെന്ന് ഈ വിധി വെളിപ്പെടുത്തുന്നു.

ഈ വിധിയിലേക്കു പൊതുജനങ്ങളുടെ ശ്രദ്ധയാകർഷിക്കുവാൻ സംഘടിതമായ പരിശ്രമം ഉണ്ടാകേണ്ടതാണ്. ശാസ്ത്രസാഹിത്യ പരിഷത്ത്, പ്രകൃതി സംരക്ഷണസമിതി, വൃക്ഷപ്രേമിസംഘം മുതലായ ആശയപരമായ നേതൃത്വം നല്കുന്ന, സംഘടനകൾക്ക് ഇക്കാര്യത്തിൽ ഗണ്യമായ സേവനമനുഷ്ഠിക്കുവാൻ കഴിയും. നമ്മുടെ വിദ്യാർത്ഥി സംഘടനകൾ ഈ വിഷയത്തിൽ താല്പര്യമെടുക്കേണ്ടതാണ്. തല്ക്കാല-പാർട്ടി രാഷ്ട്രീയത്തിൽ മാത്രമല്ല, രാജ്യത്തിന്റെ ദീർഘകാല ഭദ്രതയിലും തങ്ങൾ ഉത്സുകരാണെന്ന് അവർ ഇനിയങ്ങോട്ടു തെളിയിക്കേണ്ടിയിരിക്കുന്നു.

29 ജനുവരി, 1982

## 112. താജ്മഹലിന് ക്യാൻസർ

ആഗ്രയ്ക്കും ദില്ലിക്കും മദ്ധ്യത്തിലുള്ള ഒരു നഗരമാണ് മഥുര. ശ്രീകൃഷ്ണൻ പിറന്നതു മഥുരയിലാകയാൽ, ഒരു തീർത്ഥാടനകേന്ദ്രമെന്ന പ്രാധാന്യം ആ നഗരത്തിനുണ്ട്. പക്ഷേ, അത്തരമൊരു പ്രശസ്തിയിൽ മാത്രം ഊന്നി അലംഭാവം കൊള്ളാൻ ഒരു നഗരവും ഇക്കാലത്തു സന്നദ്ധമല്ല. നഗരങ്ങൾ അഭിവൃദ്ധിപ്പെടണമെങ്കിൽ അവയിലും അവയ്ക്കരികിലും വൻകിട വ്യവസായങ്ങൾ ധാരാളമായി സ്ഥാപിക്കപ്പെടണം. നഗരവാസികൾക്കു തൊഴിലും, സ്ഥിരവും പര്യാപ്തവുമായ വരുമാനവും നൽകാൻ വ്യവസായങ്ങൾക്കേ കഴിയൂ. നഗരസഭകളുടെ നികുതിവരുമാനവും വ്യവസായങ്ങളെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ മഥുരയിൽ ഒരു വൻകിട വ്യവസായമെങ്കിലും ഉണ്ടായിക്കാണാൻ ആ നഗരവാസികൾ ആഗ്രഹിച്ചതിൽ ആശ്ചര്യമില്ല.

ഉത്തർപ്രദേശ് സ്റ്റേറ്റിൽ ഉൾപ്പെട്ടതാണ് മഥുരാനഗരം. ഇന്ത്യയിലെ ഏറ്റവുമധികം ജനബാഹുല്യമുള്ള സ്റ്റേറ്റ് എന്ന നിലയിൽ ഉത്തരപ്രദേശത്തിന് ഇന്ത്യൻ ഭരണസംവിധാനത്തിൽ നിർണായക പ്രാധാന്യമുണ്ട്. കേന്ദ്ര ഭരണകൂടത്തിൽ ധാരാളം സ്വാധീനം ചെലുത്താൻ, ഇതു നിമിത്തം, ഉത്തർപ്രദേശിനു കഴിയുന്നു. ഈ സ്വാധീനത്തിനു വഴങ്ങി, വളരെ വലിയ ഒരു എണ്ണ ശുദ്ധീകരണശാല (റിഫൈനറി) മഥുരയിൽ സ്ഥാപിക്കാൻ ഇന്ത്യാഗവണ്മെന്റ് തീരുമാനിച്ചു. മഥുരയ്ക്കടുത്തൊന്നും അസംസ്കൃത എണ്ണ കിട്ടാനില്ല. പൈപ്പുകളിലൂടെ വളരെ അകലെനിന്നു കൊണ്ടുവന്നിട്ടു വേണം എണ്ണ മഥുരയിൽ സംസ്കരിക്കാൻ. ഈ അസൗകര്യമൊന്നും, പക്ഷേ, മഥുരയെ എണ്ണ സംസ്കരണ ശാലയുടെ ആസ്ഥാനമാക്കുന്നതിൽ നിന്ന് കേന്ദ്രഗവണ്മെന്റിനെ തടഞ്ഞില്ല.

എങ്കിലും ഫാക്ടറി പ്രവർത്തനം ആരംഭിക്കും മുമ്പുതന്നെ, തീരെ പ്രതീക്ഷിക്കാതിരുന്ന ചില പ്രശ്നങ്ങൾ തലയുയർത്തി. എണ്ണ സംസ്കരിക്കുമ്പോൾ വളരെയധികം പുക വായുമണ്ഡലത്തിൽ കലരും. പലതരം വിഷാംശങ്ങളും രാസവസ്തുക്കളും അടങ്ങിയ ഈ പുക അന്തരീക്ഷത്തിൽ